Page 1 of 1

ശ്രീമതി കെ. ആർ. ഗൗരി : പത്രക്കാരോട് ഞാൻ അനിഷ്ടമായിട്ടൊന്നും തന്നെ പ്രവർത്തിച്ചിട്ടില്ല. സാധാരണ ഗവൺമെൻറിൻെറ വക്താവ് എന്നുള്ള നിലയിൽ ചീഫ് മിനിസ്റ്റർ കോൺഫറൻസുകൾ നടത്തുന്നുണ്ട്. അതുകൊണ്ട് ഫുഡ് മിനിസ്റ്റർ പ്രത്യേകമായി കോൺഫറൻസുകൾ നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. പി. കുഞ്ഞിരാമൻ : പാലക്കാട്ടുജില്ലയിലെ ജനങ്ങൾക്ക് ഇതുകൊണ്ട് വളരെ ആശ്വാസം ഉണ്ടെന്നും, അവിടെനിന്നും അരി ഇപ്പോൾ കരിഞ്ചന്തയിൽ കൊണ്ടുപോകുന്നില്ലെന്നും അറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഓരോ സ്ഥലത്തുമുള്ള അനുഭവങ്ങളാണ് ഓരോ മെമ്പറന്മാരും ഇവിടെ ചോദ്യമായി ഉന്നയിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ : ചീഫ് മിനിസ്റ്റർ ഈ ഗവണ്മെൻറിൻെറ വക്താവ് എന്നുള്ള നിലയിൽ കോൺഫറൻസുകൾ നടത്തി പ്രസ് നോട്ട് ഇറക്കുമെന്നു പറഞ്ഞു. ഭക്ഷ്യവകുപ്പ് പ്രത്യേകമായി ഒരു പ്രസ് നോട്ട് ഇറക്കുന്നതിനു ശ്രമിക്കുമോ ? കാരണം ഭക്ഷ്യമന്ത്രി തന്നെ ഒരവസരത്തിൽ ഇവിടെ പറയുകയുണ്ടായി മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ തെററായിരുന്നുവെന്നു്.

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. കരുണാകരൻ ഇതു് രണ്ടാംപ്രാവശ്യമാണ് പറയുന്നതു്. മുഖ്യമന്ത്രി തെററുകൾ പറഞ്ഞുവെന്നല്ല ഞാൻ പറഞ്ഞതു്. ഇതിനെ സംബന്ധിച്ച് ശരിയായ റിക്കാർഡുകൾ അദ്ദേഹത്തിൻെറ കൈവശം ഇല്ലാതിരുന്നതുകൊണ്ടു് അദ്ദേഹത്തിനു് ഇതിനെ സംബന്ധിച്ചുള്ള ശരിയായ വിവരം കൊടുക്കാൻ സാധിച്ചില്ല എന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. കെ കരുണാകരൻ : മുഖ്യമന്ത്രിക്ക് വിവരമില്ലെന്നാണ് ഭക്ഷ്യമന്ത്രി പറഞ്ഞതു്.............

ശ്രീ. ഇ. അഹമ്മദ് : സർ, ഒരു പോയിൻറു ഓഫ് ഓർഡർ.

മി. സ്പീക്കർ : ചോദ്യോത്തര സമയത്തു് പോയിൻറു ഓഫ് ഓർഡറുകൾക്ക് സമയം അനുവദിക്കുന്നതല്ല.

ശ്രീമതി കെ. ആർ. ഗൗരി : ചീഫ് മിനിസ്റ്ററുടെ കൈവശം ഇതിനെപ്പററി ആവശ്യമുള്ള വിവരങ്ങൾ ഇല്ലായിരുന്നുവെന്നാണ് ഞാൻ പറഞ്ഞതു്. അതു് തെററിദ്ധരിപ്പിക്കത്തക്കവിധത്തിൽ ശ്രീ. കരുണാകരൻ പറഞ്ഞതു് ശരിയല്ല. നിയമസഭയിലെ അംഗങ്ങളെ അങ്ങോട്ടുമിങ്ങോട്ടും തെററിദ്ധരിപ്പിക്കത്തക്ക വിധത്തിൽ റിപ്പോർട്ടുചെയ്യരുതു് എന്നാണ് എനിക്ക് പറയുവാനുള്ളതു്.

## അരി കളവായി കടത്തിക്കൊണ്ടു പോകുന്ന നടപടി

* 972. [3] ശ്രീ. എ. എസ്സ്. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ നിന്നും അരി കളവായി കടത്തിക്കൊണ്ടു പോകുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇതു് ഫലപ്രദമായി തടയുന്നതിനു് ഉചിതമായ നിയന്ത്രണ നടപടികൾ സ്വീകരിക്കാൻ ഈ ഗവണ്മെൻറിനു കഴിയുമോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി)

(എ) ഇല്ല.

(ബി) വ്യക്തമായ പരാതികൾ ലഭിച്ചാൽ ഗവണ്മെൻറ് അന്വേഷിച്ച് വേണ്ട നടപടികൾ എടുക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly